LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ആസ്തി വില്പന നയം

104 (489) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആസ്തി വില്പന നയംമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ?

(എ&ബി) 111 ലക്ഷം കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നാഷണൽ ഇൻഫ്രാസ്ട്രക്ചർ പൈപ്പ് ലൈൻ (FY 2020-25) നടപ്പിലാക്കുന്നതിനായി ശേഷിക്കുന്ന നാല് വർഷത്തിൽ ബ്രൗൺഫീൽഡ് അസെറ്റ്സിന്റെ ഒരു നിശ്ചിത കാലയളവിലെ കൈമാറ്റത്തിലൂടെ 6 ലക്ഷം കോടി രൂപ സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ ബഡ്ജറ്റിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ. മേൽ 6 ലക്ഷം കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയിൽ കേന്ദ്ര സർക്കാരിന് കീഴിലെ മന്ത്രാലയങ്ങളുടെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആസ്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ടി നയംമൂലം സംസ്ഥാനത്തിന് നേരിട്ട് നഷ്ടമുണ്ടാകുന്നില്ല. പരോക്ഷമായി ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടില്ല. കേന്ദ്രത്തിന്റെ നികുതിയുൾപ്പെടെയുള്ള വരുമാനം കുത്തനെ കുറയുകയും അതിന്റെ ഭാഗമായി സംസ്ഥാനങ്ങളുടെ ഡിവിസിബിൾ പൂളിൽനിന്നും കിട്ടേണ്ട വിഹിതം കുറയുകയും ചെയ്യും. അതേസമയം, സംസ്ഥാനങ്ങളുടെയോ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയോ അസെറ്റ് മോണിറ്റൈസേഷനും ഡിസ്ഇൻവെസ്റ്റ്മെന്റിനും ഇൻസെന്റീവ് അനുവദിക്കുന്ന ഒരു പദ്ധതിയും കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ (എൻ.എം.പി.) മൂലമുണ്ടാകുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻമൂലം ഉണ്ടായേയ്ക്കാവുന്ന പ്രതിസന്ധികൾ സംബന്ധിച്ച ആധികാരിക പഠനങ്ങളൊന്നും സർക്കാർ നടത്തിയിട്ടില്ല. അതേസമയം ചുവടെ ചേർക്കുന്ന ആശങ്കകൾ തള്ളിക്കളയുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(i) കൂത്തകവത്ക്കരണം സൃഷ്ടിക്കുന്ന സാമൂഹിക സാമ്പത്തിക ഭവിഷ്യത്തുകൾ.

(ii) പൊതു ഉടമസ്ഥതയിലുള്ള ആസ്തികളുടെ നിശ്ചിത കാലയളവിലേയ്ക്കുള്ള കൈമാറ്റം കോർപ്പറേറ്റ് വത്ക്കരണം/സ്വകാര്യവത്കരണത്തിന്റെ ആദ്യപടിയായി വേണം വീക്ഷിക്കേണ്ടത്. ലാഭേച്ഛമാത്രം ലക്ഷ്യം വച്ചിട്ടുള്ള നടപടികൾ പൊതുജന താല്പര്യവും സാമൂഹ്യ നന്മയും അട്ടിമറിക്കും.

(iii) ലാഭേച്ഛമാത്രം ലാക്കാക്കിയുള്ള നടത്തിപ്പ് വിലവർദ്ധനവിന് ഇടയാക്കും.

(iv) കൈമാറുവാൻ നിശ്ചയിച്ചിട്ടുള്ള ആസ്തികളിൽനിന്നും നിലവിൽ ലഭിക്കുന്ന വരുമാനം സംബന്ധിച്ച് വ്യക്തമായ വിവരങ്ങളുടെ അഭാവം നിർദ്ദിഷ്ട പദ്ധതിവഴി സാമ്പത്തിക നേട്ടമുണ്ടാകുമോയെന്ന് തിട്ടപ്പെടുത്തുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്.

(v) കൈമാറ്റം ചെയ്യപ്പെടുന്ന കാലയളവിൽ ആസ്തികൾക്കുണ്ടാകുന്ന ഡിപ്രീസിയേഷൻ എപ്രകാരം തിട്ടപ്പെടുത്തുമെന്നതിലും എങ്ങനെ ആയത് നികുത്തുമെന്നതിലും അവ്യക്തതയുണ്ട്.

(vi) ഇത്തരം പദ്ധതികൾക്ക് ആഭ്യന്തര നിക്ഷേപകരെ കണ്ടെത്തുക വിഷമകരമാണ്. വിദേശനിക്ഷേപം സ്വീകരിക്കുന്ന ഇന്ത്യൻ കമ്പനികളാവും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. അതുകൊണ്ട് വിദേശ നിക്ഷേപകരുടെ താല്പര്യമായിരിക്കും കൈമാറ്റം ചെയ്യപ്പെടുന്ന ആസ്തികളുടെ നടത്തിപ്പിൽ പ്രതിഫലിക്കുക.

(vii) റെയിൽവേ, എയർപോർട്ട്, ദേശീയ ഹൈവേ അടക്കമുള്ള പബ്ലിക് യൂട്ടിലിറ്റികളുടെ കൈമാറ്റം ഗുരുതര സാമൂഹിക-സാമ്പത്തിക പ്രത്യാഘാതത്തിന് ഇടയാക്കും. ഇൻക്ലൂസീവ് ഗ്രോത്ത് എന്ന ആശയത്തിന് ഇത് വിഘാതമായി തീരും.

പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരാൻ നടപടി

105 (490) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരുന്നത് ഇന്ധനവില വർദ്ധനവ് ഏൽപ്പിക്കുന്ന കനത്ത